വെളിച്ചം
സൗദി ഓൺലൈൻ
ഖുർആൻ പഠന പദ്ധതി

വെളിച്ചം സൗദി ഓൺലൈൻ ഖുർആൻ പഠന പദ്ധതി

ആറാംഘട്ടം

ക്യാമ്പയിൻ 01

സൂറത്തുൽ അങ്കബൂത്ത്

ആയത്ത് 01 മുതൽ 13 വരെ

2024 മെയ് 24 വെള്ളി മുതൽ ജൂൺ 08 ശനി വരെ

GET IT ON Google Play

Velicham Online

velichamsaudionline.com

سعودی انڈین اسلاحی سنٹر

Saudi Indian Islahi Center

സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

facebook.com/velichamsaudionline youtube.com/velichamsaudionline

سورة العنكبوت

29. സൂറതുൽ അൻകബൂത്ത്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 69 - വിഭാഗം (റുകൂഉ്) 7

(ആദ്യത്തെ 11 ആയത്തുകൾ മദീനഃയിൽ അവതരിച്ചതാണെന്നും പറയപ്പെട്ടിട്ടുണ്ട്.)

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

الٓمٓ ﴿١﴾

﴾1﴿ 'അലിഫ്- ലാം- മീം'

أَحَسِبَ ٱلنَّاسُ أَن يُتۡرَكُوٓاْ أَن يَقُولُوٓاْ ءَامَنَّا وَهُمۡ لَا يُفۡتَنُونَ ﴿٢﴾

﴾2﴿ 'ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു' എന്ന് പറയുന്നത് കൊണ്ട് (മാത്രം)- തങ്ങൾ പരീക്ഷിക്കപ്പെടാതെ- വിട്ടുകളയപ്പെടുമെന്ന് മനുഷ്യർ ധരിച്ചിരിക്കുന്നുവോ?!

وَلَقَدۡ فَتَنَّا ٱلَّذِينَ مِن قَبۡلِهِمۡۖ فَلَيَعۡلَمَنَّ ٱللَّهُ ٱلَّذِينَ صَدَقُواْ وَلَيَعۡلَمَنَّ ٱلۡكَٰذِبِينَ ﴿٣﴾

﴾3﴿ തീർച്ചയായും, അവരുടെ മുമ്പുണ്ടായിരുന്നവരെ നാം പരീക്ഷണം ചെയ്തിട്ടുണ്ട്; അങ്ങനെ, സത്യം പറഞ്ഞവരെ അല്ലാഹു അറിയുക തന്നെ ചെയ്യും; വ്യാജം പറയുന്നവരെയും അവൻ അറിയും.

أَمۡ حَسِبَ ٱلَّذِينَ يَعۡمَلُونَ ٱلسَّيِّـَٔاتِ أَن يَسۡبِقُونَاۚ سَآءَ مَا يَحۡكُمُونَ ﴿٤﴾

﴾4﴿ അഥവാ, തിന്മകൾ പ്രവർത്തിക്കുന്നവർ നമ്മെ (തോൽപിച്ചു) മുൻകടന്നു കളയാമെന്ന് ധരിച്ചിട്ടുണ്ടോ?! അവർ വിധി കൽപിക്കുന്നത് എത്ര ചീത്ത!

﴾1﴿ الم 'അലിഫ്- ലാം- മീം' ﴾2﴿ أَحَسِبَ ധരിച്ചുവോ, കണക്കാക്കിയോ النَّاسُ മനു
ഷ്യർ أَن يُتْرَكُوا അവർ വിട്ടുകളയപ്പെടുമെന്ന്, ഉപേക്ഷിക്കപ്പെടുമെന്ന് أَن يَقُولُوا അവർ
പറയുന്നതിനാൽ آمَنَّا ഞങ്ങൾ വിശ്വസിച്ചു എന്ന് وَهُمْ لَا يُفْتَنُونَ അവർ പരീക്ഷിക്കപ്പെടാതെ
﴾3﴿ وَلَقَدْ فَتَنَّا തീർച്ചയായും നാം പരീക്ഷിച്ചിട്ടുണ്ട് الَّذِينَ യാതൊരു കൂട്ടരെ مِن قَبْلِهِمْ
അവരുടെ മുമ്പുള്ള فَلَيَعْلَمَنَّ اللَّهُ അങ്ങനെ അല്ലാഹു അറിയുകതന്നെ ചെയ്യും الَّذِينَ صَدَقُوا
സത്യം പറഞ്ഞവരെ وَلَيَعْلَمَنَّ അവൻ അറിയുകയും ചെയ്യും الْكَاذِبِينَ വ്യാജം പറയുന്ന
വരെ ﴾4﴿ أَمْ حَسِبَ അഥവാ ധരിച്ചുവോ الَّذِينَ يَعْمَلُونَ പ്രവർത്തിക്കുന്നവർ السَّيِّئَاتِ തിന്മ
കൾ, ദുഷ്പ്രവൃത്തികൾ أَن يَسْبِقُونَا നമ്മെ മുൻകടന്നു (തോൽപ്പിച്ചു) കളയുമെന്ന് سَاءَ
എത്ര ചീത്ത, വളരെ മോശം مَا يَحْكُمُونَ അവർ വിധി കൽപിക്കുന്നത്

ഇസ്‌ലാമിന്റെ ആദ്യഘട്ടത്തിൽ, സത്യവിശ്വാസം സ്വീകരിച്ച പല സ്വഹാബികൾക്കും മുശ്‌രിക്കുകളിൽനിന്ന് അനുഭവിക്കേണ്ടിവന്ന മർദ്ദനങ്ങളും അക്രമങ്ങളും പ്രസിദ്ധമാണല്ലോ. അമ്മാർ (റ), സ്വുഹൈബ് (റ), ബിലാൽ (റ) മുതലായ മഹാൻമാർ കൂടുതൽ കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടി വന്നവരായിരുന്നു. അങ്ങനെ വിവിധ തരത്തിലുള്ള പരീക്ഷണങ്ങൾക്ക് വിധേയരായ ആദ്യമുസ്‌ലിംകളുടെ കാര്യത്തിലാണ് ഈ വചനങ്ങൾ അവതരിച്ചത്. ഈ വിഷയത്തിൽ വ്യത്യസ്തങ്ങളായ രിവായത്തുകൾ കാണാമെങ്കിലും, അവയുടെ ആകെസാരം അതാണ്. ഒരു സംഭവത്തെക്കുറിച്ച് അവതരിക്കുന്ന ആയത്തുകളും, കൽപനകളും അത്പോലെയുള്ളതിനെല്ലാം ബാധകമാണെന്ന് പറയേണ്ടതില്ല. അത് കൊണ്ട് ഈ വചനങ്ങളിൽ അടങ്ങിയ പാഠങ്ങൾ എല്ലാ കാലത്തേക്കും ബാധകം തന്നെ.

വിശ്വസിച്ചിരിക്കുന്നുവെന്ന് വായകൊണ്ട് പറഞ്ഞതിന്റെ പേരിൽ മാത്രം ഒരാൾ വിശ്വാസിയാകുമെന്ന് ആരും ധരിക്കേണ്ടതില്ല. അതിന്റെ അടിസ്ഥാനത്തിൽ മാത്രം അയാളെ അല്ലാഹു വിട്ടുകളയുന്നതുമല്ല. വിശ്വാസികൾ പലവിധ പരീക്ഷണങ്ങളെയും നേരിടേണ്ടിവരും. മുമ്പുണ്ടായിരുന്ന സത്യവിശ്വാസികളും അങ്ങനെ പരീക്ഷണങ്ങൾക്ക് വിധേയരാകേണ്ടി വന്നിട്ടുണ്ട്. പരീക്ഷണത്തിൽ ക്ഷമയും, സഹനവും, സ്ഥിരചിത്തതയും കൈക്കൊള്ളുന്നത് കൊണ്ടാണ് വിശ്വാസം യഥാർത്ഥീകരിക്കുന്നതും, അതിന് ദാർഢ്യം വർദ്ധിക്കുന്നതും. യഥാർത്ഥ വിശ്വാസികളും, കപടൻമാരും ആരൊക്കെയാണെന്നും മറ്റുമുള്ള വസ്തുത അല്ലാഹുവിന് മുൻകൂട്ടിത്തന്നെ തികച്ചും അറിയാവുന്നതാണ്. എങ്കിലും, പരീക്ഷണങ്ങൾ മുഖേന സത്യവാദികളും, അസത്യവാദികളും തമ്മിൽ വ്യക്തമായി വേർതിരിയുവാനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. എനി, പരീക്ഷണങ്ങൾക്ക് വിധേയരായിട്ടില്ലാത്ത കുറ്റവാളികളായ ആളുകൾ തൽക്കാലം രക്ഷപ്പെട്ടത് പോലെ മേലിലും തങ്ങൾ രക്ഷപ്പെടുമെന്നും, അങ്ങനെ തങ്ങളുടെ ദുഷ്ചെയ്തികളുടെ ഫലം അനുഭവിക്കാതെ അല്ലാഹുവിനെ തോൽപിച്ചു കളയാമെന്നും കരുതുന്നുണ്ടെങ്കിൽ, ആ വിചാരവും പരമാബദ്ധമാണ്. അല്ലാഹു അവരുടെ മേൽ തക്ക ശിക്ഷാനടപടി എടുക്കുക തന്നെ ചെയ്യും എന്നൊക്കെയാണ് ആയത്തുകളുടെ ചുരുക്കം.

ഹിജ്റഃ (സ്വരാജ്യം ത്യജിച്ചുപോകൽ), സമരം, ദേഹേച്ഛകൾ വർജ്ജിക്കൽ, നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമാകൽ, അനുഷ്ഠാന കർമ്മങ്ങൾ നിർവ്വഹിക്കൽ, ദേഹത്തിലും, ധനത്തിലും, മാനത്തിലും നേരിടുന്ന കഷ്ടനഷ്ടങ്ങൾ എന്നിങ്ങനെയുള്ള പല കാര്യങ്ങൾ മുഖേനയും സത്യവിശ്വാസികൾ പരീക്ഷിക്കപ്പെടുന്നതാകുന്നു. വിശ്വാസത്തിന്റെ ഏറ്റക്കുറവനുസരിച്ചായിരിക്കും പരീക്ഷണത്തിന്റെ ഏറ്റക്കുറവും. കൂടുതൽ പരീക്ഷണത്തിന് പാത്ര

മാകുന്നവർക്ക് അല്ലാഹു കൂടുതൽ പ്രതിഫലം നൽകുന്നതുമാകുന്നു. പല ഹദീഥുകളിലും നബിﷺ ഇക്കാര്യം ഉണർത്തിയിട്ടുള്ളത് കാണാം.

ഇമാം ബുഖാരി (റ)യും മറ്റും രേഖപ്പെടുത്തിയിട്ടുള്ള ഒരു ഹദീഥിന്റെ സാരം ഇപ്രകാരമാകുന്നു: ഖബ്ബാബ് (خباب بن الارت - رضـ) പറയുകയാണ്: ഞങ്ങൾക്ക് ഖുറൈശികളുടെ മർദ്ദനം കഠിനമായിത്തീർന്നപ്പോൾ, ഞങ്ങൾക്ക് വേണ്ടി അവിടുന്ന് പ്രാർത്ഥിക്കുന്നില്ലേ, രക്ഷ തേടുന്നില്ലേ എന്നൊക്കെ ഞങ്ങൾ നബിﷺയോട് സങ്കടപ്പെടുകയുണ്ടായി. തിരുമേനി ഒരു പുതപ്പ് തലയണയാക്കിക്കൊണ്ട് കഅ്ബഃയുടെ നിഴലിൽ വിശ്രമിക്കുകയായിരുന്നു. അപ്പോൾ തിരുമേനി പറഞ്ഞു: 'നിങ്ങളുടെ മുമ്പ് (മുൻ സമുദായങ്ങളിൽ) ഒരാളെ പിടിച്ചു ഭൂമിയിൽ കുഴിവെട്ടി അതിൽ നിറുത്തി അവന്റെ തലയിൽ വാളുളി വെച്ചു അവനെ രണ്ട് പൊളിയാക്കുമായിരുന്നു; ഇരുമ്പിന്റെ ചീർപ്പുകൊണ്ട് അവന്റെ മാംസവും എല്ലുമല്ലാത്ത ഭാഗം മുഴുവനും വാർന്നെടുക്കുകയും ചെയ്തിരുന്നു. അതൊന്നുംതന്നെ അവന്റെ മതത്തിൽനിന്നും അവനെ തടയുമായിരുന്നില്ല. അല്ലാഹുവാണ സത്യം! ഒരു വാഹനക്കാരൻ (യമനിലെ) സ്വൻആഇൽ നിന്ന് ഹദ്വർമൗത്തിലേക്ക് *(*)* പോകുമ്പോൾ അല്ലാഹുവിനെയും, ആടുകളെ സംബന്ധിച്ച് ചെന്നായയെയും അല്ലാതെ മറ്റൊന്നും പേടിക്കാനില്ലാത്തവണ്ണം ഇക്കാര്യം (ഇസ്‌ലാമിന്റെ നില) പരിപൂർണമാകുകതന്നെ ചെയ്യും. പക്ഷേ, നിങ്ങൾ ധൃതിപ്പെടുകയാണ് ചെയ്യുന്നത്.' തിരുമേനിയുടെ ഈ പ്രവചനം അൽപ വർഷങ്ങൾക്കകം സാക്ഷാൽക്കരിക്കപ്പെട്ടുവെന്ന് പറയേണ്ടതില്ല.

വേറൊരു ഹദീഥിൽ നബിﷺ ഇപ്രകാരം അരുളിച്ചെയ്യുന്നു:

عجبا لأمر المؤمن إن أمره كله خير له وليس ذلك لأحد إلا للمؤمن إن أصابته سرّاء شكر فكان خيرا له وإن أصابته ضراء صبر فكان خيرا له – مسلم

"സത്യവിശ്വാസിയുടെ കാര്യം അത്ഭുതം തന്നെ! അവന്റെ കാര്യങ്ങളെല്ലാം അവന് ഗുണകരമാണ്. ഇത് സത്യവിശ്വാസിക്കല്ലാതെ മറ്റാർക്കും ഇല്ലതന്നെ. അവന്നൊരു സന്തോഷകരമായ സംഭവം ബാധിച്ചാൽ അവൻ നന്ദികാണിക്കും. അങ്ങനെ അതവന് ഗുണകരമായിത്തീരുന്നു. അവന്നൊരു വിഷമസംഭവം ബാധിച്ചാൽ അവൻ ക്ഷമിക്കുന്നു. അങ്ങനെ അതും അവന് ഗുണമായിത്തീരുന്നു."(മു.) മറ്റൊരു ഹദീഥിൽ ഇപ്രകാരം വന്നിട്ടുണ്ട്: 'മനുഷ്യൻ അവന്റെ മതപ്പറ്റനുസരിച്ച് പരീക്ഷണം ചെയ്യപ്പെടുന്നതാണ്. അവന് തന്റെ മതത്തിൽ ദൃഢതയുണ്ടെങ്കിൽ പരീക്ഷണത്തിലും അവന് വർദ്ധനവുണ്ടായിരിക്കും.'

يبتلى الرجل على حسب دينه فان كان فى دينه صلابة زيد له فى البلاء - حكاه ابن كثير وقال صحيح

مَن كَانَ يَرْجُوا۟ لِقَآءَ ٱللَّهِ فَإِنَّ أَجَلَ

﴿5﴾ ആരെങ്കിലും അല്ലാഹുവുമായി കണ്ടുമുട്ടുന്നതിന് ആശിക്കുന്നുവെങ്കിൽ (അഥവാ കാണുമെന്ന് പ്രതീക്ഷിക്കുന്നുവെങ്കിൽ), നിശ്ചയമായും അല്ലാഹുവിന്റെ (നിശ്ചിത) അവധി വരാനിരിക്കു

(*) صنعاء ൽ നിന്ന് حضرموت ലേക്ക് അക്കാലത്തുള്ള യാത്രാമാർഗം ഭയാനകമായിരുന്നു.

ٱللَّهِ لَـَٔاتٍۚ وَهُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿٥﴾

ന്നത് തന്നെയാകുന്നു. അവനത്രെ (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനും.

وَمَن جَـٰهَدَ فَإِنَّمَا يُجَـٰهِدُ لِنَفْسِهِۦٓۚ إِنَّ ٱللَّهَ لَغَنِىٌّ عَنِ ٱلْعَـٰلَمِينَ ﴿٦﴾

《6》 ആരെങ്കിലും സമരം ചെയ്യുന്നതായാൽ, അവന്ന് വേണ്ടിത്തന്നെയാണവൻ സമരം ചെയ്യുന്നത്. നിശ്ചയമായും, അല്ലാഹു ലോകരിൽ നിന്നും അനാശ്രയനാകുന്നു.

وَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ لَنُكَفِّرَنَّ عَنْهُمْ سَيِّـَٔاتِهِمْ وَلَنَجْزِيَنَّهُمْ أَحْسَنَ ٱلَّذِى كَانُوا۟ يَعْمَلُونَ ﴿٧﴾

《7》 വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, അവർക്ക് അവരുടെ തിന്മകളെ നാം (പൊറുത്തു) മായിച്ചു കൊടുക്കുക തന്നെ ചെയ്യുന്നതാണ്. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെക്കാൾ മെച്ചപ്പെട്ടത് നാം അവർക്ക് പ്രതിഫലം നൽകുകയും ചെയ്യും.

《5》 مَنْ كَانَ ആരെങ്കിലും ആണെങ്കിൽ يَرْجُوا പ്രതീക്ഷിക്കുന്നു, ആശിക്കുന്നു (എങ്കിൽ) لِقَاءَ اللهِ അല്ലാഹുവുമായി കണ്ടുമുട്ടുന്നതിന്, കാണുന്നതിനെ فَإِنَّ എന്നാൽ നിശ്ചയമായും أَجَلَ اللهِ അല്ലാഹുവിന്റെ അവധി لَآتٍ വരുന്നത് (വരാനിരിക്കുന്നത്) തന്നെ وَهُوَ അവൻ, അവനത്രെ السَّمِيعُ കേൾക്കുന്നവൻ الْعَلِيمُ അറിയുന്നവൻ 《6》 وَمَنْ جَاهَدَ ആരെങ്കിലും സമരം ചെയ്യുന്നതായാൽ فَإِنَّمَا يُجَاهِدُ നിശ്ചയമായും അവൻ സമരം ചെയ്യുന്നു لِنَفْسِهِ തനിക്ക് വേണ്ടിത്തന്നെ, അവന്റെ ആത്മാവിന് വേണ്ടി മാത്രം إِنَّ اللهَ നിശ്ചയമായും അല്ലാഹു لَغَنِيٌّ അനാശ്രയനാകുന്നു, ധന്യൻ തന്നെ عَنِ الْعَالَمِينَ ലോകരിൽനിന്ന്, ലോകരോട് 《7》 وَالَّذِينَ آمَنُوا വിശ്വസിച്ചിട്ടുള്ളവർ وَعَمِلُوا الصَّالِحَاتِ സൽക്കർമങ്ങൾ പ്രവർത്തിക്കയും ചെയ്ത لَنُكَفِّرَنَّ നാം മായിച്ചുകൊടുക്കുകതന്നെ ചെയ്യും, പൊറുക്കും, മൂടിവെക്കും عَنْهُمْ അവർക്ക് അവരിൽനിന്ന് سَيِّئَاتِهِمْ അവരുടെ തിന്മകളെ, ദുഷ്കർമങ്ങളെ وَلَنَجْزِيَنَّهُمْ അവർക്ക് നാം പ്രതിഫലം നൽകുകയും ചെയ്യും أَحْسَنَ الَّذِي യാതൊന്നിൽവെച്ച് നല്ലതിന്, യാതൊന്നിനെക്കാൾ മെച്ചമായത് كَانُوا يَعْمَلُونَ അവർ പ്രവർത്തിച്ചിരുന്ന

അല്ലാഹുവിനെ കണ്ടുമുട്ടണം, അവന്റെ പ്രീതിയും പ്രതിഫലവും ലഭിക്കണം എന്ന ആശയും, അതുണ്ടാകുമെന്ന പ്രതീക്ഷയും വല്ലവർക്കുമുണ്ടെങ്കിൽ, അത് വിദൂരമൊന്നുമല്ല; അതിനുള്ള അവധി ഇതാ ആസന്നമാണ്. അതിനുള്ള ഒരുക്കങ്ങൾ അവർ ചെയ്തുകൊള്ളട്ടെ. ദേഹംകൊണ്ടോ, ധനം കൊണ്ടോ ചെയ്യുന്ന എല്ലാ സമരങ്ങളും– ശത്രുക്കളുമായുള്ള

ധർമസമരമോ, ദേഹേച്ഛയോടോ, പിശാചിനോടോ ഉള്ള കർമസമരമോ ഏതായാലും ശരി- വാസ്തവത്തിൽ അത്, ചെയ്യുന്നവരുടെ തന്നെ ഗുണത്തിന് വേണ്ടിയുള്ളതാണ്; അതിന്റെ ഫലം അവർക്കല്ലാതെ മറ്റാർക്കുമല്ല. അല്ലാഹുവിന് അത് മൂലം യാതൊരു ഗുണവും ഉണ്ടാകാനില്ല. അവന് ആരുടെയും ആശ്രയമോ സഹായമോ ആവശ്യമില്ല. ശരിയായ വിശ്വാസത്തോടുകൂടി സൽക്കർമങ്ങൾ പ്രവർത്തിച്ചുവന്നിട്ടുള്ളവരിൽനിന്ന് ആ പ്രവർത്തനങ്ങൾ സ്വീകരിക്കുകമാത്രമല്ല അവൻ ചെയ്യുന്നത്; അവരുടെ പക്കൽ വന്നുപോയിട്ടുള്ള തെറ്റുകുറ്റങ്ങൾ മൂടിമറച്ചു മാപ്പാക്കിക്കൊടുക്കുകയും, അവരുടെ സൽപ്രവർത്തനങ്ങൾക്ക് ഏറ്റവും മികച്ച രീതിയിലുള്ള പ്രതിഫലം നൽകുകയും ചെയ്യുന്നതാകുന്നു.

7-ാം വചനത്തിലെ അവസാനഭാഗം (وَلَنَجْزِيَنَّهُمْ أَحْسَنَ الَّذِي كَانُوا يَعْمَلُونَ) രണ്ട് പ്രകാരത്തിൽ വിവക്ഷിക്കപ്പെടാവുന്നതാണ്: (1) സൽക്കർമങ്ങൾ പ്രവർത്തിക്കുന്നവർക്ക് അവരുടെ പ്രവർത്തനങ്ങളുടെ തോതിനെക്കാൾ കവിഞ്ഞ നിലക്കുള്ള പ്രതിഫലം അല്ലാഹു കൊടുക്കുന്നതാണ് എന്നും, (2) അവരുടെ പ്രവർത്തനങ്ങളിൽവെച്ച് ഏറ്റവും നല്ല കർമങ്ങളുടെ തോതനുസരിച്ച് മൊത്തത്തിൽ എല്ലാ കർമങ്ങൾക്കും നല്ല പ്രതിഫലം നൽകുമെന്നും. (كَمَا فِي الرَّازِى)

وَوَصَّيْنَا ٱلْإِنسَٰنَ بِوَٰلِدَيْهِ حُسْنًا ۖ وَإِن جَٰهَدَاكَ لِتُشْرِكَ بِى مَا لَيْسَ لَكَ بِهِۦ عِلْمٌ فَلَا تُطِعْهُمَآ ۚ إِلَىَّ مَرْجِعُكُمْ فَأُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ﴿٨﴾

《8》 മനുഷ്യനോട് അവന്റെ മാതാപിതാക്കളെ സംബന്ധിച്ച്- (അവർക്ക്) നന്മ ചെയ്യാൻ -നാം ആജ്ഞ നൽകിയിരിക്കുന്നു; (ഹേ, മനുഷ്യാ) നിനക്ക് (യഥാർത്ഥത്തിൽ) യാതൊരു അറിവുമില്ലാത്ത ഒന്നിനെ എന്നോട് പങ്ക് ചേർക്കുന്നതിന് അവർ നിന്നോട് നിർബന്ധം ചെലുത്തുന്ന പക്ഷം നീ അവരെ (രണ്ടാളെയും) അനുസരിച്ചു പോകരുത്. എന്റെ അടുക്കലേക്കാണ് നിങ്ങളുടെ (എല്ലാവരുടെയും) മടക്കം. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി ഞാൻ നിങ്ങൾക്ക് വൃത്താന്തം അറിയിച്ചു തരുന്നതാകുന്നു.

وَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ لَنُدْخِلَنَّهُمْ فِى ٱلصَّٰلِحِينَ ﴿٩﴾

《9》 വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, നിശ്ചയമായും നാം അവരെ സദ്‌വൃത്തൻമാരിൽ ഉൾപ്പെടുത്തുന്നതാകുന്നു.

﴾8﴿ وَوَصَّيْنَا നാം വസ്വിയ്യത്ത് ചെയ്തിരിക്കുന്നു, ആജ്ഞ (ശാസന, നിർദ്ദേശം) നൽകിയിരിക്കുന്നു الْإِنْسَانَ മനുഷ്യനോട് بِوَالِدَيْهِ അവന്റെ മാതാപിതാക്കളെപ്പറ്റി, حُسْنًا നന്മയെ, നന്മ ചെയ്യാൻ وَإِنْ جَاهَدَاكَ അവർ രണ്ടാളും നിന്നോട് നിർബന്ധം ചെലുത്തിയാൽ, ബുദ്ധിമുട്ടിച്ചാൽ لِتُشْرِكَ بِي നീ എന്നോട് പങ്കുചേർക്കുവാനായി مَا യാതൊന്നിനെ لَيْسَ لَكَ നിനക്കില്ല بِهِ അതിനെക്കുറിച്ച് عِلْمٌ ഒരറിവ്, വിവരം فَلَا تُطِعْهُمَا എന്നാൽ നീ അവരെ അനുസരിക്കരുത് إِلَيَّ എന്റെ അടുക്കലേക്കാണ് مَرْجِعُكُمْ നിങ്ങളുടെ മടക്കം, മടക്കസ്ഥാനം فَأُنَبِّئُكُمْ അപ്പോൾ ഞാൻ നിങ്ങൾക്ക് വൃത്താന്തം അറിയിക്കും, ബോധ്യപ്പെടുത്തും بِمَا كُنْتُمْ നിങ്ങളായിരുന്നതിനെക്കുറിച്ച് تَعْمَلُونَ നിങ്ങൾ പ്രവർത്തിച്ചു വരുന്ന ﴾9﴿ وَالَّذِينَ آمَنُوا വിശ്വസിച്ചവരാകട്ടെ وَعَمِلُوا الصَّالِحَاتِ സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്ത لَنُدْخِلَنَّهُمْ നിശ്ചയമായും നാമവരെ പ്രവേശിപ്പിക്കും, ഉൾപ്പെടുത്തും فِي الصَّالِحِينَ സദ്‌വൃത്തരിൽ, സജ്ജനങ്ങളിൽ

ഖുർആനിൽ അല്ലാഹു വളരെ ഊന്നിപ്പറഞ്ഞിട്ടുള്ള ഒരു കാര്യമാണ് മാതാപിതാക്കളോടുള്ള കടമ. മാതാപിതാക്കളോടുള്ള കടമ എത്ര വമ്പിച്ചതാണെങ്കിൽപോലും, അതിലുപരിയായ ഒന്നത്രെ അല്ലാഹുവിനോട് മനുഷ്യനുള്ള കടമ. അത് കൊണ്ടാണ് മാതാപിതാക്കളുടെ കടമയെപ്പറ്റി ഉപദേശിക്കുന്നതോടൊപ്പം, അല്ലാഹുവിനോട് പങ്കുചേർക്കുന്ന വിഷയത്തിൽ അവരെ അനുസരിച്ചുപോകരുതെന്ന് കൂടി പ്രത്യേകം ഉണർത്തുന്നത്.

സഅ്ദ് (سَعْد بن ابى وقاص رضـ) ഇസ്‌ലാമിന്റെ ആരംഭഘട്ടത്തിൽ വിശ്വസിച്ച ഒരു സ്വഹാബിയാകുന്നു. അദ്ദേഹം നബിﷺയിൽ വിശ്വസിച്ചത് നിമിത്തം അദ്ദേഹത്തിന്റെ മാതാവ് (അബൂസുഫ്‌യാൻ മകൾ ഹംനഃ) അദ്ദേഹത്തോട് ഇങ്ങനെ പറഞ്ഞു: 'മാതാവിനോട് നന്മ ചെയ്യണമെന്ന് നിന്നോട് അല്ലാഹു കൽപിച്ചിട്ടില്ലേ?! അതുകൊണ്ട് ഒന്നുകിൽ ഞാൻ മരണമടയുക, അല്ലെങ്കിൽ നീ ഇസ്‌ലാമിൽ അവിശ്വസിക്കുക, ഈ രണ്ടിലൊന്നുണ്ടാകുന്നതുവരെ ഞാൻ ഭക്ഷണപാനീയമൊന്നും കഴിക്കുകയില്ല.' അങ്ങനെ ഒന്ന് രണ്ട് ദിവസം കഴിഞ്ഞു. മാതാവിന് ഭക്ഷണം കൊടുക്കുവാനായി അദ്ദേഹം അവരുടെ വായ നിർബന്ധിച്ചു പിളർത്തിക്കൊണ്ടിരിക്കുകയായി. ഈ അവസരത്തിലാണ് ഈ ആയത്ത് അവതരിച്ചത്. അദ്ദേഹം പിൻമാറുന്നില്ലെന്ന് കണ്ടപ്പോൾ മാതാവ് തന്റെ സത്യവ്രതത്തിൽനിന്ന് പിൻമാറി. സഅ്ദ് (റ) തന്റെ മാതാപിതാക്കളെ വളരെയധികം സ്നേഹിക്കുന്ന ഒരാളായിരുന്നു. എന്നാൽ ഈ സന്ദർഭത്തിൽ അദ്ദേഹം പ്രസ്താവിച്ചത് 'എന്റെ ഉമ്മാ! നിങ്ങൾ നൂറുവട്ടം മരിച്ചാലും എനിക്ക് എന്റെ മതം വിടുവാൻ നിവൃത്തിയില്ല' എന്നായിരുന്നു. (الترمذى، واحمد، ومسلم وغيرهم)

'നിനക്ക് യാതൊരറിവുമില്ലാത്തതിനെ എന്നോട് പങ്കുചേർക്കുവാൻ' (لِتُشْرِكَ بِي مَا لَيْسَ لَكَ بِهِ عِلْمٌ) എന്ന് പറഞ്ഞത് ശ്രദ്ധാർഹമാകുന്നു. അല്ലാഹുവിന് യാതൊരു പങ്കുകാരും ഇല്ലെന്നുള്ളത് സുസ്ഥാപിതമായ ഒരു പരമാർത്ഥമത്രെ. എന്നിരിക്കെ, പിന്നെയെങ്ങനെയാണ് അവനോട് വല്ലതിനെയും പങ്കുചേർക്കുന്ന വിഷയത്തിൽ അവരെ അനുസരിക്കുക?! ഏതെങ്കിലും തരത്തിലുള്ള ഒരു പങ്കുകാരൻ അവന് യഥാർത്ഥത്തിൽ ഉള്ളതായി നിനക്കറിയാമായിരുന്നുവെങ്കിൽ അതനുസരിക്കുവാൻ ന്യായമുണ്ടായിരുന്നു. പക്ഷേ, അതില്ലല്ലോ. അപ്പോൾ മാതാപിതാക്കളോടുള്ള കടമ വളരെ വമ്പിച്ചതാണെങ്കിലും ഇക്കാര്യത്തിൽ അവരെ

അനുസരിക്കുന്ന പ്രശ്നമേയില്ല. എന്നൊക്കെയാണ് ആ വാക്ക് ചൂണ്ടിക്കാട്ടുന്നത്. നിങ്ങൾ എല്ലാവരും അല്ലാഹുവിങ്കലേക്ക് മടങ്ങി വരുന്നവരാകകൊണ്ട് ഓരോരുത്തരുടെയും കർമഫലങ്ങൾ- മാതാപിതാക്കളുടെ ശിർക്കിന്റെ ഫലവും, നീ അവർക്ക് ചെയ്ത നന്മയുടെയും, നിന്റെ മതവിശ്വാസത്തിന്റെയും ഫലവും- അപ്പോൾ നിങ്ങളെ ബോധ്യപ്പെടുത്തിക്കൊള്ളാമെന്നും അല്ലാഹു തുടർന്നു പ്രസ്താവിക്കുന്നു. ഈ ആയത്തുമായി ബന്ധപ്പെട്ട കൂടുതൽ വിവരം സൂ: ലുക്മാനിലും മറ്റും വരുന്നതാണ്. إنْ شَاء الله

وَمِنَ ٱلنَّاسِ مَن يَقُولُ ءَامَنَّا بِٱللَّهِ فَإِذَآ أُوذِىَ فِى ٱللَّهِ جَعَلَ فِتْنَةَ ٱلنَّاسِ كَعَذَابِ ٱللَّهِ

《10》 മനുഷ്യരിലുണ്ട് ചില ആളുകൾ: 'ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു' എന്ന് അവർ പറയും. എന്നാൽ, അല്ലാഹുവിന്റെ കാര്യത്തിൽ തങ്ങൾക്ക് (വല്ലതും) ഉപദ്രവം ബാധിച്ചാൽ, ജനങ്ങളുടെ പരീക്ഷണം [മർദ്ദനം] അവർ അല്ലാഹുവിന്റെ ശിക്ഷക്ക് സമമാക്കിത്തീർക്കുന്നു!

وَلَئِن جَآءَ نَصْرٌ مِّن رَّبِّكَ لَيَقُولُنَّ إِنَّا كُنَّا مَعَكُمْ ۚ أَوَلَيْسَ ٱللَّهُ بِأَعْلَمَ بِمَا فِى صُدُورِ ٱلْعَٰلَمِينَ ﴿١٠﴾

നിന്റെ രക്ഷിതാവിങ്കൽനിന്ന് വല്ല സഹായവും വന്നുവെങ്കിലോ, അവർ പറയും: 'നിശ്ചയമായും ഞങ്ങൾ നിങ്ങളുടെ [സത്യവിശ്വാസികളുടെ] കൂടെയായിരുന്നു' എന്ന്. ലോകരുടെ ഹൃദയങ്ങളിൽ ഉള്ളതിനെക്കുറിച്ച് അല്ലാഹു നല്ലവണ്ണം അറിയുന്നവനല്ലയോ?!

وَلَيَعْلَمَنَّ ٱللَّهُ ٱلَّذِينَ ءَامَنُوا۟ وَلَيَعْلَمَنَّ ٱلْمُنَٰفِقِينَ ﴿١١﴾

《11》 വിശ്വസിച്ചിട്ടുള്ളവരെ അല്ലാഹു തീർച്ചയായും അറിയുന്നു; കപടവിശ്വാസികളെയും അവൻ തീർച്ചയായും അറിയും.

《10》 وَمِنَ النَّاسِ മനുഷ്യരിലുണ്ട് مَنْ ചിലർ, ഒരു തരക്കാർ يَقُولُ അവർ (അവൻ) പറയും, പറയുന്ന آمَنَّا ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു بِاللَّهِ അല്ലാഹുവിൽ فَإِذَا أُوذِيَ എന്നാൽ അവൻ ഉപദ്രവിക്കപ്പെട്ടാൽ, അവന് ഉപദ്രവം ബാധിച്ചാൽ فِي اللَّهِ അല്ലാഹുവിന്റെ കാര്യത്തിൽ جَعَلَ അവൻ (അവർ) ആക്കും (ഗണിക്കും) فِتْنَةَ النَّاسِ മനുഷ്യരുടെ പരീക്ഷണം, കുഴപ്പം (മർദ്ദനം) كَعَذَابِ اللَّهِ അല്ലാഹുവിന്റെ ശിക്ഷയെപ്പോലെ, ശിക്ഷക്ക് സമം وَلَئِنْ جَاءَ വന്നുവെങ്കിൽ نَصْرٌ വല്ല സഹായവും مِنْ رَبِّكَ നിന്റെ റബ്ബിന്റെ പക്കൽനിന്ന് لَيَقُولُنَّ നിശ്ചയമായും

أَوَلَيْسَ اللَّهُ അവർ പറയും إِنَّا كُنَّا നിശ്ചയമായും ഞങ്ങളായിരുന്നു مَعَكُمْ നിങ്ങളുടെ കൂടെ
فِي صُدُورِ അല്ലാഹു അല്ലയോ بِأَعْلَمَ നല്ലവണ്ണം അറിയുന്നവൻ بِمَا യാതൊന്നിനെപ്പറ്റി
നെഞ്ചുകളിൽ (ഹൃദയങ്ങളിൽ) ഉള്ള الْعَالَمِينَ ലോകരുടെ ﴾11﴿ وَلَيَعْلَمَنَّ اللَّهُ തീർച്ചയായും
അല്ലാഹു അറിയും, അറിയുന്നു الَّذِينَ آمَنُوا വിശ്വസിച്ചവരെ وَلَيَعْلَمَنَّ അല്ലാഹു തീർച്ച
യായും അറിയുകയും ചെയ്യും الْمُنَافِقِينَ കപടവിശ്വാസികളെ

സത്യവിശ്വാസത്തെ സംബന്ധിച്ചിടത്തോളം, യഥാർത്ഥവിശ്വാസി (മുഅ്മിൻ), അവിശ്വാസി (കാഫിർ), കപടവിശ്വാസി (മുനാഫിക്വ്) ഇങ്ങനെ മൂന്ന് തരക്കാരാണുള്ളത്. പ്രധാനമായും ആദ്യത്തെ രണ്ട് തരക്കാരെക്കുറിച്ചായിരുന്നു ഇതിനുമുമ്പ് പ്രസ്താവിച്ചത്. മുനാഫിക്വുകളെക്കുറിച്ചാണ് ഇവിടെ പറയുന്നത്. താൽക്കാലിക ഗുണത്തെ ഓർത്തു ഞാനും വിശ്വസിച്ചിരിക്കുന്നുവെന്ന് പറഞ്ഞു സത്യവിശ്വാസികളുടെ കൂട്ടത്തിൽ നടക്കുമെങ്കിലും, വിശ്വാസത്തിന്റെ പേരിൽ ജനങ്ങളിൽനിന്ന് വല്ല ഉപദ്രവമോ മർദ്ദനമോ ബാധിച്ചാൽ അക്ഷമനായിത്തീരുക, കേവലം തുച്ഛവും, സ്വാഭാവികവുമായ ആ വിഷമങ്ങളെ അല്ലാഹുവിങ്കൽനിന്നുള്ള ഭയങ്കര ശിക്ഷയെന്നോണം പരിഗണിക്കുക, നേരെമറിച്ച് സത്യവിശ്വാസികളുടെ ഭാഗത്ത് വല്ല വിജയമോ മറ്റ് ഗുണമോ കിട്ടിക്കാണുമ്പോൾ തങ്ങളും അതിൽ അവകാശികളും പങ്കുകാരുമാണെന്ന് അഭിനയിക്കുകയും ചെയ്യുക ഇതാണിവരുടെ പ്രധാനലക്ഷണം. എന്നാൽ, എല്ലാ രഹസ്യപരസ്യങ്ങളും അറിയുന്ന അല്ലാഹുവിന്നുണ്ടോ ഇതെല്ലാം അജ്ഞാതമായിത്തീരുന്നു?!

وَقَالَ ٱلَّذِينَ كَفَرُوا۟ لِلَّذِينَ ءَامَنُوا۟ ٱتَّبِعُوا۟ سَبِيلَنَا وَلْنَحْمِلْ خَطَـٰيَـٰكُمْ وَمَا هُم بِحَـٰمِلِينَ مِنْ خَطَـٰيَـٰهُم مِّن شَىْءٍ ۖ إِنَّهُمْ لَكَـٰذِبُونَ ﴿١٢﴾

﴾12﴿ അവിശ്വസിച്ചവർ വിശ്വസിച്ചവരോട് പറയുകയാണ്: 'നിങ്ങൾ ഞങ്ങളുടെ മാർഗം പിൻപറ്റുവിൻ, നിങ്ങളുടെ തെറ്റുകുറ്റങ്ങൾ ഞങ്ങൾ ഏറ്റെടുക്കുകയും ചെയ്തുകൊള്ളാം' എന്ന്! (വാസ്തവത്തിൽ) അവരുടെ തെറ്റുകുറ്റങ്ങളിൽനിന്ന് യാതൊന്നും തന്നെ അവർ ഏറ്റെടുക്കുന്നവരല്ലതന്നെ. നിശ്ചയമായും അവർ കളവ് പറയുന്നവരാകുന്നു.

وَلَيَحْمِلُنَّ أَثْقَالَهُمْ وَأَثْقَالًا مَّعَ أَثْقَالِهِمْ ۖ وَلَيُسْـَٔلُنَّ يَوْمَ ٱلْقِيَـٰمَةِ عَمَّا كَانُوا۟ يَفْتَرُونَ ﴿١٣﴾

﴾13﴿ (അത്രയുമല്ല,) തങ്ങളുടെ ഭാരങ്ങളും, തങ്ങളുടെ ഭാരങ്ങളോടൊപ്പം (വേറെ) കുറെ ഭാരങ്ങളും തീർച്ചയായും അവർ വഹിക്കേണ്ടതായിവരും. അവർ (കളവ്) കെട്ടിച്ചമച്ചിരുന്നതിനെപ്പറ്റി കിയാമത്ത് നാളിൽ അവർ തീർച്ചയായും ചോദ്യം ചെയ്യപ്പെടുന്നതുമാണ്.

وَقَالَ ﴿12﴾ പറയുന്നു ٱلَّذِينَ كَفَرُوا۟ അവിശ്വസിച്ചവർ لِلَّذِينَ ءَامَنُوا۟ വിശ്വസിച്ചവരോട് ٱتَّبِعُوا۟ നിങ്ങൾ പിൻപറ്റുവിൻ سَبِيلَنَا ഞങ്ങളുടെ മാർഗം وَلْنَحْمِلْ ഞങ്ങൾ ഏറ്റെടുക്കുകയും ചെയ്യാം خَطَـٰيَـٰكُمْ നിങ്ങളുടെ തെറ്റുകളെ وَمَا هُم അവരല്ലതാനും بِحَـٰمِلِينَ ഏറ്റെടുക്കുന്നവർ مِنْ خَطَـٰيَـٰهُم അവരുടെ തെറ്റുകുറ്റങ്ങളിൽനിന്ന് مِّن شَىْءٍ യാതൊന്നുംതന്നെ إِنَّهُمْ നിശ്ചയമായും അവർ لَكَـٰذِبُونَ കളവ് പറയുന്നവർതന്നെ ﴿13﴾ وَلَيَحْمِلُنَّ നിശ്ചയമായും അവർ ഏറ്റെടുക്കും, വഹിക്കേണ്ടിവരും, പേറും أَثْقَالَهُمْ തങ്ങളുടെ ഭാരങ്ങളെ وَأَثْقَالًا കുറെ ഭാരങ്ങളും مَّعَ أَثْقَالِهِمْ അവരുടെ ഭാരങ്ങളുടെ കൂടെ وَلَيُسْـَٔلُنَّ നിശ്ചയമായും അവർ ചോദ്യം ചെയ്യപ്പെടും يَوْمَ ٱلْقِيَـٰمَةِ ക്വിയാമത്ത് നാളിൽ عَمَّا كَانُوا۟ അവരായിരുന്നതിനെപ്പറ്റി يَفْتَرُونَ കെട്ടിച്ചമച്ചിരുന്ന, കളവ് കെട്ടിയിരുന്ന

സത്യവിശ്വാസികളോട് അവിശ്വാസികൾ പറയാറുള്ള ഒരു വാക്യവും, അതിന് അല്ലാഹുവിന്റെ പക്കൽനിന്നുള്ള മറുപടിയുമാണ് മുകളിൽ കാണുന്നത്. മറ്റുള്ളവരെ സൽപന്ഥാവിൽനിന്ന് തെറ്റിച്ചു കളയുവാൻ വേണ്ടി വക്രബുദ്ധികളാൽ അനുവർത്തിക്കപ്പെടുന്ന വിവിധ നയങ്ങളിൽപെട്ട ഒന്നാണ് ഇതും. തങ്ങളെപ്പോലെ എല്ലാവരും വഴിപിഴച്ചു കാണണമെന്നാഗ്രഹിക്കുക ദുർജ്ജനങ്ങളുടെ സ്വഭാവമാണ്. മതഭക്തിയില്ലാത്ത മുസ്‌ലിം നാമധാരികളായ ചില ആളുകൾ, അല്പജ്ഞരും, ശുദ്ധഗതിക്കാരുമായ ആളുകളോടും ഈ നയം ഉപയോഗിക്കാറുണ്ട്. യഥാർത്ഥത്തിൽ ഇസ്‌ലാം വിരോധിച്ചതും തങ്ങളുടെ യുക്തിന്യായങ്ങൾക്ക് യോജിക്കാത്തതുമായ ചില കാര്യങ്ങളെ സാധാരണക്കാരെക്കൊണ്ട് അംഗീകരിപ്പിക്കുവാൻവേണ്ടി, അതൊന്നും മതദൃഷ്ട്യാ വിരോധമില്ലാത്തതാണെന്നും, അത് അംഗീകരിച്ചതുകൊണ്ടുണ്ടാകുന്ന കുറ്റം തങ്ങൾ ഏറ്റുകൊള്ളാമെന്നും പറഞ്ഞു അവർ പൊതുജനങ്ങളെ ധൈര്യപ്പെടുത്തുന്നത് കാണാം. അങ്ങനെയുള്ളവർക്കും ഈ വചനങ്ങളിൽ താക്കീതുണ്ട്.

എന്നാൽ, ഓരോരുത്തന്റെയും കുറ്റം അവൻതന്നെ വഹിക്കണമെന്നും, ഒരാൾ ചെയ്ത കുറ്റത്തിന് വേറൊരാൾ ശിക്ഷിക്കപ്പെടുകയില്ലെന്നും ഉള്ളത് അല്ലാഹുവിന്റെ ഉറച്ച നിയമമത്രെ. എന്നാൽ, സ്വയം ദുർമാർഗത്തിൽ പതിക്കുകയും, മറ്റുള്ളവരെക്കൂടി വഴിപിഴപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്ന ഇവർ കൂടുതൽ കുറ്റഭാരം വഹിക്കേണ്ടിവരുന്നതുമാകുന്നു. കാരണം, മറ്റുള്ളവരെ വഴിപിഴപ്പിക്കുവാൻ പരിശ്രമം നടത്തിയതിന്റെ പേരിലും, ദുർമാർഗത്തിന് വേണ്ടി പ്രചാരം ചെയ്തതിന്റെ പേരിലും, അതിനായി കളവ് കെട്ടിച്ചമച്ചതിന്റെ പേരിലും ഇവർ ശിക്ഷാർഹരാകുന്നു. 'തങ്ങളുടെ ഭാരങ്ങളോടൊപ്പം വേറെയും കുറെ ഭാരങ്ങൾ അവർ വഹിക്കേണ്ടിവരും' എന്ന് പറഞ്ഞത് അതുകൊണ്ടാണ്. നബിﷺ പറയുന്നത് കാണുക:

من دعا إلى هدى كان له من الأجر مثل أجور من تبعه لا ينقص ذلك من أجورهم شيئا ومن دعا إلى ضلالة كان عليه من الإثم مثل آثام من تبعه لا ينقص ذلك من آثامهم شيئا – مسلم

(ഒരാൾ സൻമാർഗത്തിലേക്ക് ക്ഷണിക്കുന്നപക്ഷം അവനെ പിൻപറ്റുന്നവർക്കുണ്ടാകുന്ന പ്രതിഫലം പോലെയുള്ള പ്രതിഫലം അവന്നുണ്ടായിരിക്കുന്നതാണ്. അവരുടെ പ്രതിഫലങ്ങളിൽ അത് യാതൊരു കുറവും വരുത്തുന്നതല്ല. ഒരാൾ ദുർമാർഗത്തിലേക്ക് ക്ഷണിക്കുന്ന പക്ഷം അവനെ പിൻപറ്റുന്നവർക്കുണ്ടാകുന്ന കുറ്റം പോലെയുള്ള കുറ്റം അവന്നുമുണ്ടായിരിക്കും. അവരുടെ കുറ്റങ്ങളിൽ അത് യാതൊരു കുറവും വരുത്തുകയുമില്ല. (മു.) ചില

'രിവായത്തു'കളിൽ **من تبعه الى يوم القيمة** (ക്വിയാമത്ത് നാൾവരെ അവനെ പിൻപറ്റുന്നവരുടെ) എന്നാണുള്ളത്. ഈ ഹദീഥിൽനിന്ന് 13-ാം ആയത്തിന്റെ ഉദ്ദേശ്യം കൂടുതൽ വ്യക്തമാകുന്നു.